"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സ്ഥിരം അദാലത്ത് സംവിധാനങ്ങളുടെ ശാക്തീകരണം - എസ്.ഒ.പി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1013/2025/LSGD തീയതി,തിരുവനന്തപുരം, 23-04-2025

പരാമർശം:-
1. സ.ഉ (സാധാ) നം. 916/2023/തസ്വഭവ, തീയതി 25.04.2023.
2. സ.ഉ (സാധാ) നം. 414/2024/തസ്വഭവ, തീയതി 20.02.2024.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 19.12.2024ലെ LSGD/PD/9114/2024-IV1 നമ്പർ കത്ത്.

**ഉത്തരവ്**

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് നിയമാനുസൃതം ലഭിക്കേണ്ട പെർമിറ്റ്, ലൈസൻസ് ഉൾപ്പെടെയുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ഈ വിഷയങ്ങളിൽ ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങൾക്ക് പരിഹാര സാധ്യതകൾ രൂപപ്പെടുത്തുന്നതിനും ഫെസിലിറ്റേഷൻ - മോണിട്ടറിംഗ് - വിജിലൻസ് സംവിധാനമായി പ്രവർത്തിക്കുന്നതിനും ഉപജില്ലാ തലത്തിലും, ജില്ലാതലത്തിലും, സംസ്ഥാന തലത്തിലും സിറ്റിസൺ അസിസ്റ്റന്റ് എന്ന പേരിൽ സ്ഥിരം അദാലത്ത് സംവിധാനം രൂപീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന്, സ്ഥിരം അദാലത്ത് സംവിധാനം ശാക്തീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. പ്രസ്തുത ഉത്തരവിൽ താലൂക്ക്/ജില്ല/സംസ്ഥാനതല സ്ഥിരം അദാലത്ത് സമിതികൾക്ക് കൂടുതൽ വിഷയങ്ങളും അധികാരങ്ങളും നൽകുന്നതിനും പ്രവർത്തനം സുഗമമാക്കുന്നതിനുമായി ഒരു S.O.P (Standard Operating Procedure) തയ്യാറാക്കി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥിരം അദാലത്ത് സമിതി കൺവീനർമാരുടെയും അംഗങ്ങളുടെയും ശില്പശാലയിൽ ഉരുത്തിരിഞ്ഞുവന്ന ചർച്ചകളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ S.O.P(Standard Operating Procedure) പ്രിൻസിപ്പൽ ഡയറക്ടർ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താലൂക്ക്/ജില്ല/സംസ്ഥാനതല സ്ഥിരം അദാലത്ത് സമിതികൾക്ക് കൂടുതൽ വിഷയങ്ങളും അധികാരങ്ങളും നൽകുന്നതിനും പ്രവർത്തനം സുഗമമാക്കുന്നതിനുമായി പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കിയിട്ടുള്ള, ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള S.O.P(Standard Operating Procedure) അംഗീകരിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്,

തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 23-04-2025 11:07:45
സെക്ഷൻ ഓഫീസർ